# Telephone Conversation between Prime Minister and His Royal Highness The Prince of Wales

April 02, 2020

---

**പ്രധാനമന്ത്രിയും വെയ്ൽസിലെ രാജകുമാരനുമായുള്ള ടെലിഫോൺ സംഭാഷണം**

ഏപ്രിൽ 02, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി വെയ്ൽസിലെ രാജകുമാരനുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി

നടന്നു കൊണ്ടിരിക്കുന്ന കോവിഡ്-19 പകർച്ചവ്യാധിയെ സംബന്ധിച്ചു രണ്ടു പേരും ചർച്ച നടത്തി. യു കെ യിൽ കഴിഞ്ഞ ദിവസങ്ങളായി രോഗം മൂലമുള്ള ജീവഹാനിയ്ക്ക് പ്രധാനമന്ത്രി തന്റെ അനുശോചനങ്ങൾ അറിയിച്ചു. അടുത്തിടെയുണ്ടായ അനാരോഗ്യത്തിൽ നിന്നും അദ്ദേഹം സുഖം പ്രാപിച്ചതിൽ പ്രധാനമന്ത്രി തൃപ്തി അറിയിച്ചു, കൂടാതെ അദ്ദേഹത്തിന് നീണ്ടു നിൽക്കുന്ന ആരോഗ്യം ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.

യു കെ യിൽ ഉള്ള ഇന്ത്യയിലെ അംഗങ്ങൾക്കായി രാജകുമാരൻ അഭിനന്ദനങ്ങൾ അറിയിച്ചു. ഇവരിൽ പകർച്ച വ്യാധി വ്യാപനം തടയുന്നതിൽ പ്രധാനപങ്ക് വഹിക്കുന്ന ദേശീയ ഹെൽത്ത് സർവീസ് മിഷനിലെ അംഗങ്ങളും കൂടി ഉൾപ്പെടുന്നു. യു കെ യിലെ ഇന്ത്യൻ സമൂഹത്തിൽ നിന്നുള്ള മതപരവും സാമൂഹികവുമായ സ്ഥാപങ്ങളുടെ പ്രവർത്തങ്ങളും അദ്ദേഹം പരാമർശിച്ചു.

നിലവിലെ പ്രതിസന്ധിയിൽ ഇന്ത്യയിൽ കുടുങ്ങി പോയ യു കെ പൗരന്മാർക്ക് സൗകര്യങ്ങളും സഹായവും പ്രദാനം ചെയ്തതിന് രാജകുമാരൻ പ്രധാനമന്ത്രിയ്ക്ക് നന്ദി പറഞ്ഞു.

ആയുർവേദത്തിൽ ഉള്ള താല്പര്യത്തിനു പ്രധാനമന്ത്രി രാജകുമാരനോട് നന്ദി പറഞ്ഞു. യോഗാവ്യായാമങ്ങളുടെ അടിസ്ഥാന പാഠങ്ങൾ ചെറിയ അനിമേഷൻ വിഡിയോകൾ വഴി പഠിപ്പിക്കുന്നതിനും രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്ന പരമ്പരാഗത വീട്ടു വൈദ്യങ്ങൾ പ്രചരിപ്പിക്കുന്നതിനും അടുത്തിടെ നടത്തിയ ഇന്ത്യൻ സംരംഭത്തെക്കുറിച്ചും പ്രധാന മന്ത്രി വിശദീകരിച്ചു. ഇത്തരം സംരംഭങ്ങൾ നിലവിലെ സാഹചര്യത്തിൽ ആരോഗ്യവും ക്ഷേമവും വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ടെന്ന് രാജകുമാരൻ അഭിനന്ദിച്ചു.

**ന്യൂ ഡൽഹി**
**02 ഏപ്രിൽ, 2020**

**DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**